**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **12-06-2024 - ൽ മറുപടിയ്ക്ക്**

**മരങ്ങൾ മുറിച്ച് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ കൊടിയമ്മ ഗവണ്മെന്റ് ഹൈസ്കൂളിന് സമീപമുള്ള പ്രൊപ്പോസ്ഡ് റിസർവ്വ് വനത്തിൽ എത്ര കാറ്റാടി, അക്കേഷ്യ മരങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | **മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ കൊടിയമ്മ ഗവണ്മെന്റ് ഹൈസ്കൂളിന് സമീപമുള്ള പ്രൊപ്പോസ്ഡ് റിസർവ്വ് വനത്തിൽ ചെറുതും വലുതുമായ മാർക്ക് ചെയ്ത 648 കാറ്റാടി മരങ്ങളും, 20 അക്കേഷ്യ മരങ്ങളുമാണുള്ളത്.** |
| (ബി) | പാകമായ പ്രസ്തുത മരങ്ങൾ യഥാസമയം ലേലം ചെയ്ത് മുറിച്ച് മാറ്റാത്തതിനാൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | നിലവിൽ സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. |
| (സി) | പ്രസ്തുത വനത്തിലെ അടിക്കാടുകൾ വെട്ടി പാകമായ മരങ്ങൾ മുറിച്ച് മാറ്റാനുള്ള നടപടി സ്വീകരിക്കുമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ? | (സി) | **പ്രസ്തുത വനത്തിലെ അടിക്കാടുകൾ വെട്ടി പാകമായ മരങ്ങൾ മുറിച്ച് മാറ്റാനുള്ള നടപടി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.** |

സെക്ഷൻ ഓഫീസർ